**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2762** **14-09-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ സിറ്റി ഗ്യാസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൈപ്പ് വഴി നാചറൽ ഗ്യാസ് വീട്ടുകളിൽ എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി പാലക്കാട് ജില്ലയിൽ ഉണ്ടോ; ഉണ്ടെങ്കിൽ നിലവിൽ എത്ര കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) -നെയാണ് പാലക്കാട് ജില്ലയിൽ പൈപ്പ് വഴി നാച്ചറൽ ഗ്യാസ് വീട്ടുകളിൽ എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിരിയ്ക്കുന്നത്. നിലവിൽ പാലക്കാട് ജില്ലയിലെ പുതുശ്ശേരി, എലപ്പുള്ളി പഞ്ചായത്തുകളിലെ 200 ഓളം വീടുകൾക്ക് പൈപ്പ് വഴി നാചറൽ ഗ്യാസ് നല്കിയിട്ടുണ്ട്. |
| (ബി) | ഒറ്റപ്പാലം മണ്ഡലത്തിലെ വീട്ടുകളിൽ പ്രസ്തുത പദ്ധതി പ്രകാരം ഗ്യാസ് ലഭ്യമാക്കുന്നത് എപ്പോൾ പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | അടുത്ത സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം മണ്ഡലത്തിലെ വീട്ടുകളിലേയ്ക്ക് സിറ്റി ഗ്യാസ് പദ്ധതി വഴി നാച്ചുറൽ ഗ്യാസ് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ